ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഡിബി5-12102/2017/സിഇ/തസ്വഭവ

തീയതി 30/10/2019

# സർക്കുലർ

വിഷയം : ഹരിതകേരളം മിഷൻ - പുഴ പുനരുജ്ജീവനം പ്രവർത്തനത്തിന്റെ ഭാഗമായി പുഴകൾ തെരഞ്ഞെടുക്കുന്നത് - വിവരങ്ങൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന : 28.10.2019-ലെ യോഗതീരുമാനം

സംസ്ഥാനത്തെ പുഴകൾ പുനരുജ്ജീവിപ്പിക്കുന്നതിനും, പരിപാലിക്കുന്നതിനും സംസ്ഥാന സർക്കാർ 'പുഴ പുനരുജ്ജീവനം' എന്ന പേരിൽ സംസ്ഥാനതല ഫോക്കസ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള, ഏറ്റവും കൂടുതൽ നീളമുള്ളതും, കൂടുതൽ വാർഡുകളിലൂടെ ഒഴുകുന്നതുമായ ഒരു പുഴയും ആയതിന്റെ നീർച്ചാലും, ഉപനീർച്ചാലും തിരഞ്ഞെടുക്കാൻ സൂചന യോഗത്തിൽ നിശ്ചയിച്ചിരിക്കുന്നു. ടി പുഴയുടെ പേരും, നീളവും, എത്ര വാർഡുകളിലൂടെ കടന്നുപോകുന്നുവെന്നും, വാർഡുകളുടെ പേരും അതാത് പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ഇതിനായി മുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ 05.11.2019-നകം സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. ഇതിനായി ടി വിവരങ്ങൾ **Proforma P-1058-ൽ 04.11.2019 തീയതിയ്ക്കുള്ളിൽ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.** ടി പ്രൊഫോർമ www.celsgd.kerala.gov.in-ലെ "Proforma" page-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പുഴ തെരഞ്ഞെടുക്കുന്നതിന് അതാത് പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയുമായും, ഇറിഗേഷൻ വകുപ്പുമായി കൂടിയാലോചിക്കേണ്ടതാണ്. കോർപ്പറേഷനുകളിൽ നിന്നുമുള്ള വിവരങ്ങൾ അതാത് കോർപ്പറേഷനുകളിൽ നിന്നും, മുനിസിപ്പാലിറ്റികളിൽ നിന്നുമുള്ള

വിവരങ്ങൾ അതാത് മുനിസിപ്പാലിറ്റികളിൽ നിന്നും, ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള വിവരങ്ങൾ അതാത് ബ്ലോക്ക്പഞ്ചായത്തുകളിൽ നിന്നും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. മുനിസിപ്പാലിറ്റികളിൽ നിന്നുള്ള വിവരങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കുന്നുണ്ടെന്ന് അതാത് മേഖലാ കാര്യാലയത്തിൽ നിന്നും, ഗ്രാമപഞ്ചായത്തിൽ നിന്നുമുള്ള വിവരങ്ങൾ സമർപ്പിക്കുന്നുണ്ടെന്ന് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉറപ്പുവരുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

P 1157